"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ശ്രീ.വി.ശ്രീരാമൻ, സീനിയർ ക്ലാർക്ക് സമർപ്പിച്ച പുന:പരിശോധനാ ഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.87/2020/വനം  തിരുവനന്തപുരം, തീയതി, 29/04/2020

---

പരാമർശം:- (1) 31.03.2005-ലെ ഒലവക്കോട് ഈസ്റ്റേൺ സർക്കിൾ ഫോറസ്റ്റ് കൺസർവേറ്ററിന്റെ എ3-2364/04 നടപടി ഉത്തരവ്

(2) 31.03.2005-ലെ ഒലവക്കോട് ഈസ്റ്റേൺ സർക്കിൾ ഫോറസ്റ്റ് കൺസർവേറ്ററിന്റെ എ3-2713/04 നടപടി ഉത്തരവ്

(3) 7.08.2017 തീയതിയായി ശ്രീ.വി.ശ്രീരാമൻ, സീനിയർ ക്ലർക്ക് സമർപ്പിച്ച പുന:പരിശോധനാ ഹർജി

**<u>ഉത്തരവ്</u>**

ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ 1999 ജൂൺ മുതൽ 2003 ഡിസംബർ വരെ ക്ലാർക്കായി ജോലിനോക്കിയിരുന്ന കാലയളവിൽ ശ്രീ.വി.ശ്രീരാമനെതിരെ രണ്ട് അച്ചടക്ക നടപടികൾ സ്വീകരിച്ചിരുന്നു. രണ്ട് പ്രധാന ഫയലുകളിൽ വരുത്തിയ കാലതാമസമാണ് അച്ചടക്ക നടപടിയ്ക്ക് ആധാരം. ഇക്കാര്യത്തിലെ നടപടിക്രമമായ കുറ്റപത്രത്തിന് മറുപടി സമർപ്പിക്കാതിരുന്നതിനാൽ രണ്ട് നടപടിയിലും കൂടി രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞ് പരാമർശം (1), (2) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായി.

2) മേൽ ഉത്തരവുകൾക്കെതിരെ പരാമർശം (3) പ്രകാരം സമർപ്പിച്ച പുന:പരിശോധനാ ഹർജി പരിഗണിച്ച് ടിയാനെയും വകുപ്പിന്റെ പ്രതിനിധികളെയും നേരിൽ കേൾക്കുകയുണ്ടായി.

3) 1999 മുതൽ 2005 വരെ മാനസിക രോഗത്തിനു ചികിത്സയിലായിരുന്നുവെന്നും ഒരു ഫയലിൽ സമയബന്ധിതമായി നടപടി സ്വീകരിക്കാനാവാത്തത് ജോലി ഭാരം നിമിത്തമാണെന്നും തദവസരത്തിൽ മറ്റൊരു സെക്ഷന്റെ ചുമതല കൂടി ടിയാനുണ്ടായിരുന്നു എന്നും നേരിൽ കേൾക്കൽ വേളയിൽ അറിയിച്ചു. വിഷാദം, ഉറക്കമില്ലായ്മ എന്നിവയ്ക്ക് ചികിത്സിച്ച രേഖകളും ഹാജരാക്കുകയുണ്ടായി. കഠിന ശിക്ഷ നൽകുന്നതിനുള്ള മുൻപുള്ള നടപടിക്രമമായ ഔപചാരിക അന്വേഷണം ഇക്കാര്യത്തിൽ നടത്തിയിട്ടില്ല എന്നും ടിയാൻ ചൂണ്ടിക്കാട്ടി.

4) സർക്കാർ ഈ വിഷയം 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളുടെ വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ. ശ്രീരാമന് ലഘുശിക്ഷയുള്ള കുറ്റപത്രം നൽകിയാണ് അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളത്. കഠിനശിക്ഷ നൽകണമെങ്കിൽ കഠിനശിക്ഷയുള്ള കുറ്റപത്രം നൽകേണ്ടതും, കുറ്റാരോപിതനെ നേരിൽ കേൾക്കേണ്ടതും, ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുന്നതിന് അവസരം നൽകേണ്ടതുമാണ്. 1960ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 1 5 പ്രകാരം ഔപചാരികാന്വേഷണം ഉൾപ്പെടെയുള്ള കഠിന ശിക്ഷയുടെ നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിരിക്കുന്നത്. കൂടാതെ ഫയലിൽ അതിയായ കാലതാമസം വരുത്തുന്നത് ക്ലാർക്കിന്റെ മാത്രം വീഴ്ചയായി കണക്കാക്കുകയും സ്വന്തം സീറ്റിലെ ഫയൽ പോലും സമയബന്ധിതമായി കൈകാര്യം ചെയ്യാനാവാത്ത ആൾക്ക് മറ്റൊരു സീറ്റിന്റെ ചുമതല നൽകുകയും ചെയ്തു. ഫയലിൽ സമയബന്ധിതമായി നടപടി സ്വീകരിക്കാതിരുന്നതും കാലതാമസം വരുത്തിയതും കുറ്റകരമായ അനാസ്ഥ തന്നെയാണ്, പക്ഷെ വരുത്തിയ തെറ്റിന് ആനുപാതികമല്ല നൽകിയ ശിക്ഷ. കഠിനശിക്ഷ നൽകുന്നതിനുള്ള നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ലാത്തതിനാൽ ടി അച്ചടക്ക നടപടി നിയമപരമായി നിലനിൽക്കാത്തതാണ്. ശ്രീ. ശ്രീരാമൻ ഹാജരാക്കിയ ചികിത്സ രേഖകൾ പരിശോധിച്ചതിലും ടിയാന് മാനസിക പ്രശ്നങ്ങളുണ്ടായിരുന്നു എന്നത് തെളിയിക്കുന്നു.

5) ഈ സാഹചര്യത്തിൽ നടപടിക്രമത്തിൽ വന്നവീഴ്ച തിരുത്തി, മാനസിക സംഘർഷമനുഭവിച്ചിരുന്ന വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ എന്ന പരിഗണന നൽകി ശ്രീ. ശ്രീരാമന് പരാമർശം (1), (2) പ്രകാരം നൽകിയ ശിക്ഷ ഇളവ് ചെയ്ത് 'സെൻഷർ' നൽകി പുനപരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.വി.ശ്രീരാമൻ, സീനിയർ ക്ലാർക്ക്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (പി. എസ്.) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SAJEEVAN M K
Date: 2020.04.30 1[illegible]:52 IST
Reason: Approved
സെക്ഷൻ ഓഫീസർ